**NEW AL WUROOD INTERNATIONAL SCHOOL, JEDDAH, K.S.A**

**Affiliated to CBSE – New Delhi, Affiliation No. 5730008**

**FIRST TERM EXAMINATION-June 2022-23**

**WORKSHEET 2**

**GRADE:4**

**SUBJECT: Malayalam**

---

താഴെ കൊടുത്തിരിക്കുന്ന പാഠഭാഗം വായിച്ചു ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം എഴുതുക .

ജവഹർലാൽ നെഹ്‌റുവിന് പലപ്പോഴും ജയിലിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. പണ്ട് നമ്മുടെ നാട് ഭരിച്ചിരുന്നത് ബ്രിട്ടീഷുകാരായിരുന്നു. അവർക്കു നമ്മളെ ഇഷ്ടമായിരുന്നില്ല . നമ്മുടെ നാട്ടിൽ നിന്നും അവരെ ഓടിക്കാൻ സമരം ചെയ്തത് കൊണ്ടാണ് ചാച്ചാജിക്ക് ജയിലിൽ കഴിയേണ്ടി വന്നത് . ജയിലിൻറെ മുറ്റത്ത് ധാരാളം കുഞ്ഞു പക്ഷികളും കുഞ്ഞു മൃഗങ്ങളും ഉണ്ടായിരുന്നു. അവയെയെല്ലാം ചാച്ചാ നെഹ്‌റുവിന് വലിയ ഇഷ്ടമായിരുന്നു . അക്കൂട്ടത്തിൽ ഗിൽഹാരി എന്ന് പേരുള്ള ഒരു അണ്ണാറക്കണ്ണനുണ്ടായിരുന്നു. പൂങ്കുല പോലുള്ള വാലും മുതുകിൽ വെള്ളിവരകളുമുള്ള ഗിൽഹാരിയെ ചാച്ചാജിക്ക് വലിയ ഇഷ്ടമായി. ഗിൽഹാരി വലിയ വികൃതിക്കുട്ടനായിരുന്നു അവനു അടങ്ങിയിരിക്കാനാവില്ല. എപ്പോഴും ഓടിച്ചാടികളിച്ചു നടക്കും. പലപ്പോഴും ചാച്ചാജി അവൻറെ സർക്കസ് വേലകളും കുസൃതിത്തരങ്ങളും നോക്കിയിരുന്നു രസിക്കുമായിരുന്നു.

1. പണ്ട് നമ്മുടെ നാട് ഭരിച്ചിരുന്നത് ആരായിരുന്നു ?
2. ചാച്ചാജി എന്ത് നോക്കിയിരുന്നാണ് രസിച്ചിരുന്നത്?
3. ജയിലിൻറെ മുറ്റത്ത് ആരെല്ലാമാണ് ഉണ്ടായിരുന്നത്?
4. ഗിൽഹാരിയുടെ സ്വഭാവം എങ്ങിനെയുള്ളതായിരുന്നു ?